19355

കേരള സർക്കാർ

COMMISSIONARATE OF EXCISE
20 JUL 2012
RECEIVED

20/7/2012

സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - അബ്കാരി നയം, 2012-13 - പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജി) വകുപ്പ്

ജി.ഒ. (എംഎസ്) നം.130/2012/നി.വ. തിരുവനന്തപുരം, തീയതി, 19-07-2012.

പരാമർശം:-1. 17-08-2011-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.107/2011/നി.വ.
2. ജി.ഒ.(എംഎസ്) നം.46/12/റ്റിഡി. തീയതി 26-03-2012.
3. ജി.ഒ.(എംഎസ്) നം.77/12/റ്റിഡി. തീയതി 28-04-2012.

ഉത്തരവ്

കേരളീയ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങളും ഗൗരവമായി കണക്കിലെടുത്തും ഈ വിപത്തിനെതിരെ കർക്കശമായ നിലപാട് സ്വീകരിച്ചുകൊണ്ടും രൂപം നൽകിയതാണ് 2011-12-ലെ മദ്യനയം. മദ്യവ്യാപനം ഫലപ്രദമായി തടയുന്നതിനും മദ്യവർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ടും കാതലായ തീരുമാനങ്ങൾ എടുക്കുകയും പ്രാബല്യത്തിൽ വരുത്തുകയുമുണ്ടായി.

I. 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നത് നിർത്തലാക്കി. 2012-13 മുതൽ ഫോർ സ്റ്റാർ / ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂ. 2013-14 മുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂവെന്നും, ബാറുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ കണ്ട് വെട്ടിക്കുറയ്ക്കുന്നതിനും, പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ പഞ്ചായത്തുകളിൽ 3 കി.മീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ 1 കി.മീറ്ററും എന്ന ദൂരപരിധി നിബന്ധന പുതുതായി ഏർപ്പെടുത്തിയും കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ തോത് 27.1 ലിറ്ററിൽ നിന്ന് 15 ലിറ്ററായി കുറച്ചു കൊണ്ടും, മദ്യം വിൽക്കുവാനും വാങ്ങുവാനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്ന് 21 വയസ്സായി ഉയർത്തിക്കൊണ്ടും, മദ്യപാനം ഹാനികരം എന്ന സ്റ്റാറ്റ്യൂട്ടറി വാണിംഗ് സിനിമയിലെ മദ്യപാന രംഗങ്ങളിൽ പ്രദർശിപ്പിക്കുവാനുമുള്ള നിയമ ഭേദഗതികൾ അതനുസരിച്ച് കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

## കള്ള് ചെത്ത് മേഖല

II. പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ വ്യവസായമെന്ന നിലയിൽ കള്ള് ചെത്ത് വ്യവസായത്തെ പൂർണ്ണമായി സംരക്ഷിക്കുകയും, എന്നാൽ വ്യാജ കള്ളിന്റെ ഉത്പാദനവും വിതരണവും കർശനമായി തടയുക എന്ന നയമാണ് 2011-12-ൽ അവലംബിച്ചത്. ഈ നയം 2012-13-ൽ തുടരും. ഈ മേഖലയിൽ പ്രവർത്തിക്കുന്ന 40,000-ത്തോളം വരുന്ന തൊഴിലാളികളുടെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കുന്ന നയസമീപനങ്ങളും നടപടികളും സർക്കാർ സ്വീകരിക്കും. നടപ്പു വർഷവും കള്ള് ഷാപ്പ് നടത്തിപ്പിൽ സൊസൈറ്റി സംവിധാനം അനുവദിക്കുന്നതല്ല. കള്ളുഷാപ്പ് നടത്തിപ്പ് ഗ്രൂപ്പടിസ്ഥാനത്തിലാണ് അനുവദിക്കുക. എന്നാൽ, കള്ളു ചെത്ത് രംഗത്തെ എല്ലാ ട്രേഡ് യൂണിയനുകളും ഐക്യകണ്ഠേനയുള്ള ആവശ്യം അംഗീകരിച്ചും, തൃശൂർ താലൂക്കിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും അവിടെ റേഞ്ച് അടിസ്ഥാനത്തിലോ, താലൂക്ക് മൊത്തത്തിലോ കള്ള് ഷാപ്പുകൾ അനുവദിക്കുന്നതാണ്.

III. കള്ള് ഷാപ്പ് 2011-12-ൽ നടത്തിയിരുന്നവർക്ക് 2012-13 വർഷത്തിലെ വില്പനയിൽ മുൻഗണന നൽകുന്നതാണ്. ഷാപ്പ് വാങ്ങാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ, ഷാപ്പ് നടത്തിപ്പ് ഗ്രൂപ്പിൽപ്പെടുന്ന അതാത് ഷാപ്പ് തൊഴിലാളി സമിതികളെ ഏൽപ്പിക്കാവുന്നതാണ്. തൊഴിലാളികൾ നടത്തുന്ന ഷാപ്പുകളെ KTWWFB Contribution, ഒരു മാസത്തെ വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും തുല്യമായ തുക എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

IV. ഷാപ്പൊന്നിന് 50 തെങ്ങുകളും 5 തൊഴിലാളികളും 20 ചൂണ്ടപനയ്ക്ക് രണ്ടു തൊഴിലാളികളും ഉണ്ടായിരിക്കണം എന്ന നിബന്ധന 2012-13 വർഷത്തിലും കർശനമായി നടപ്പിലാക്കേണ്ടതുണ്ട്.

V. വ്യാജക്കള്ള് നിയന്ത്രിക്കുന്നതിൽ കർശനവും സമയബന്ധിതവുമായ നടപടികളെടുക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള രാസപരിശോധനാ ലാബുകൾക്കു പുറമേ 2011-12 വർഷം ദക്ഷിണമേഖലയിൽ പ്രവർത്തിക്കുന്നതിനായി ഒരു മൊബൈൽ ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ പ്രവർത്തന ഫലം വിലയിരുത്തിക്കൊണ്ട് മറ്റു മേഖലകളിലും മൊബൈൽ ലാബുകൾ ആവശ്യാനുസരണം ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഷാപ്പ് അനുവദിക്കുന്നതിന് നയപരമായ തീരുമാനത്തിന്റെ അഭാവത്തിൽ 2012-13 വർഷം കള്ളുഷാപ്പുകളുടെ നടത്തിപ്പ് നിലവിലുള്ള ലൈസൻസികളെ തന്നെ ഏൽപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകുകയുണ്ടായി. 01-08-2012 മുതൽ ഷാപ്പ് വിൽപ്പന നടത്തുന്നതിന് കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂളനുസരിച്ച് വിജ്ഞാപനം ചെയ്യ്

നടപടിയെടുക്കേണ്ടതുണ്ട്. അതുപോലെതന്നെ വിദേശമദ്യ ഷാപ്പുകളുടെ നടത്തിപ്പ് തുടർന്നും കെ.എസ്.ബി.സി.-യെയും, കൺസ്യൂമർ ഫെഡറേഷനെയും ഏൽപ്പിക്കുന്നതിനുള്ള വിജ്ഞാപനവും ഈ വർഷം പുറപ്പെടുവിക്കുകയുണ്ടായി.

## വിദേശ മദ്യമേഖല

VI. സംസ്ഥാനത്ത് ഏറെ വികസന സാധ്യതയുള്ള മേഖലയാണ് ടൂറിസം. ടൂറിസം മേഖലയുടെ പ്രോത്സാഹനത്തിനുവേണ്ടിയാണ് ബാർ ലൈസൻസുകൾ അനുവദിക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 717 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ടൂറിസം മേഖലകളിൽ ഉൾപ്പെടെ 3 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കേണ്ടതില്ല എന്ന് ഇതിനകം തീരുമാനിച്ചു കഴിഞ്ഞു. 2012-13 മുതൽ ഫോർ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും 30 മുറികളുള്ള ഫൈവ് സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂ. ഹെറിറ്റേജ് ഹോട്ടലുകളുടെ കാര്യത്തിൽ ഒരു പുന:പരിശോധന ആവശ്യമാണ്.

## കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി

VII. നടപ്പു സാമ്പത്തിക വർഷം, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ആറായിരത്തിൽപ്പരം കോടി രൂപ സംസ്ഥാന ഖജനാവിലേക്ക് നികുതി ടി.ഒ.ടി., സർചാർജ്ജ് എന്നീ ഇനങ്ങളിലായി നൽകുന്നതാണ്. അടുത്ത വർഷം കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ഗണ്യമായ തുക സാമൂഹ്യ-ആരോഗ്യ മേഖലകളിൽ ചെലവിടുവാൻ ഉദ്ദേശിക്കുന്നു. (ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്നതിനും, ജില്ലകളിൽ ഡയാലിസിസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു).

## എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം.

VIII. എക്സൈസ് വകുപ്പ് കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് ആധുനിക വൽക്കരിക്കുന്നതിനുള്ള വ്യക്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായി 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2012-13-ൽ 1.17 കോടി രൂപ പദ്ധതി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. താഴെ പറയുന്ന പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നതാണ്.

a) കേരളത്തിലെ 137 റെയ്ഞ്ച്, 78 സർക്കിൾ ഓഫീസ് എന്നിവിടങ്ങളിൽ സ്കാനറുകൾ, ഫോട്ടോ കോപ്പിയർ മെഷീനുകൾ എന്നിവ നൽകുന്നതാണ്.

b) ഇ-ഗവേണൻസ് സംവിധാനം വകുപ്പിൽ നടപ്പിലാക്കുന്നതാണ്.

c) ഇ-പേയ്മെന്റ് സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കുന്നതാണ്.

d) വാഹന പരിശോധന കർശനമാക്കുന്നതിനായി സിഗ്നൽ ലൈറ്റ്, ബാറ്റൺ, ഫീൽഡ് ഓഫീസുകൾക്കും, ചെക്ക്പോസ്റ്റുകൾക്കും നൽകുന്നതാണ്.

e) പരിശീലനം ലഭിക്കാത്ത 655 എക്സൈസ് ഗാർഡുമാർ, 20 പ്രിവന്റീവ് ഓഫീസർമാർ, 93 ഡ്രൈവർമാർ എന്നീ 700-ഓളം പേർക്ക് ഈ വർഷം പരിശീലനം എക്സൈസ് അക്കാഡമി മുഖേന നൽകുന്നതാണ്.

f) എല്ലാ ജില്ലകളിലും വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

2011-12- ലെ മദ്യനയത്തിന്റെ തുടർച്ചയായി 2012-13 വർഷം ചുവടെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി മദ്യനയം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

IX. 1. നടപ്പു വർഷവും കള്ളു ഷാപ്പ് നടത്തിപ്പിൽ സൊസൈറ്റി സംവിധാനം അനുവദിക്കുന്നതല്ല. കള്ള് ഷാപ്പ് നടത്തിപ്പ് ഗ്രൂപ്പടിസ്ഥാനത്തിലാണ് അനുവദിക്കുക. എന്നാൽ, കള്ളു ചെത്ത് രംഗത്തെ എല്ലാ ട്രേഡ് യൂണിയനുകളും ഐക്യകണ്ഠേനയുള്ള ആവശ്യം അംഗീകരിച്ചും, തൃശൂർ താലൂക്കിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും അവിടെ റേഞ്ച് അടിസ്ഥാനത്തിലോ, താലൂക്ക് മൊത്തത്തിലോ കള്ള് ഷാപ്പുകൾ അനുവദിക്കുന്നതാണ്. നിലവിലുള്ള കള്ളുഷാപ്പുകൾ എലുകയ്ക്കുള്ളിൽ മാറ്റിസ്ഥാപിക്കുന്നതിന് പഞ്ചായത്ത് - മുനിസിപ്പൽ - കോർപ്പറേഷനുകളുടെ എൻ.ഒ.സി. വേണമെന്ന നിബന്ധന ബാധകമാക്കുന്നതല്ല. എന്നാൽ എലുകയ്ക്കുള്ളിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള എല്ലാ നിയമ വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചിരിക്കേണ്ടതാണ്. ഒരു സാഹചര്യത്തിലും നിലവിലുള്ള കള്ളുഷാപ്പുകളുടെ എണ്ണം വർദ്ധിക്കാൻ പാടില്ലാത്തതാണ്.

2. കള്ള് ഷാപ്പ് 2011-12-ൽ നടത്തിയിരുന്നവർക്ക് 2012-13 വർഷത്തിലെ വില്പനയിൽ മുൻഗണന നൽകുന്നതാണ്. ഷാപ്പ് വാങ്ങാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ, ഷാപ്പ് നടത്തിപ്പ് ഗ്രൂപ്പിൽപ്പെടുന്ന അതാത് ഷാപ്പ് തൊഴിലാളി സമിതികളെ ഏൽപ്പിക്കാവുന്നതാണ്. തൊഴിലാളികൾ നടത്തുന്ന ഷാപ്പുകളെ KTWWFB Contribution, ഒരു മാസത്തെ വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും തുല്യമായ തുക എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്. കള്ളുഷാപ്പുകൾ വിറ്റുപോകാത്ത സാഹചര്യത്തിൽ, തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടി 500 രൂപ റെന്റൽ നിശ്ചയിച്ചിട്ടുള്ളത്, വൃക്ഷക്കരം കൂടി ഒഴിവാക്കി തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു.

3. ഷാപ്പൊന്നിന് 50 തെങ്ങുകളും 5 തൊഴിലാളികളും 20 ചൂണ്ടപനയ്ക്ക് രണ്ടു തൊഴിലാളികളും ഉണ്ടായിരിക്കണം എന്ന നിബന്ധന 2012-13 വർഷത്തിലും കർശനമായി നടപ്പിലാക്കുന്നതാണ്.

4. എല്ലാ ജില്ലകളിലും ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ധനസഹായത്തോടെ കെ.എസ്.ബി.സി.യുടെ മേൽനോട്ടത്തിൽ കെട്ടിടം നിർമ്മിച്ച് സ്വകാര്യ മേഖലയിൽ ഓരോ മാതൃകാ കള്ളുഷാപ്പ് വീതം നടത്തുന്നതാണ്.

5. കേരളീയ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങളും വളരെ ഗൗരവമായി ഉൾക്കൊണ്ടുകൊണ്ടും മദ്യോപയോഗം ഫലപ്രദമായി തടയുന്നതിനും, മദ്യവർജ്ജന ബോധവൽക്കരണ പ്രവർത്തന

ങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുമുള്ള നയമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ യടിസ്ഥാനത്തിൽ ബോധവൽക്കരണ രംഗത്ത് വ്യക്തമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. വിദ്യാർത്ഥി, യുവജന വിഭാഗങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ഇതിനകം തന്നെ ശ്രദ്ധേയമായ പല പരിപാടികളും നടപ്പിലാക്കിക്കഴിഞ്ഞു. 2011-12-ലെ വർദ്ധിച്ച 2 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതം ഊർജ്ജിതമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രയോജനകരമായി. മദ്യവർജ്ജന ബോധവൽക്കരണം ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചു കൊണ്ട് 2012-13 വർഷത്തിൽ താഴെ പറയും പ്രകാരം വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

i. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടു കൂടി വ്യാപകമായി ബോധവത്ക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നടപ്പിലാക്കുന്നതാണ്.

ii. വിദ്യാലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതാണ്.

iii. കൂടുതൽ സ്കൂളുകളിലേക്ക് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്. ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന സന്നദ്ധ സംഘടനക്കും വ്യക്തിക്കും ലഹരി വിരുദ്ധ ക്ലബ്ബിനും അവാർഡും അംഗീകാരവും നൽകുന്നതാണ്.

iv. ഡി-അഡിക്ഷൻ ചികിത്സ നടത്തുന്ന സന്നദ്ധ സംഘടനകൾ, ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയ്ക്ക് നിർധനരായിട്ടുള്ള രോഗികളെ ചികിത്സിക്കുന്നതിനായിട്ടുള്ള ധനസഹായം വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്.

v. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടി ലഹരി വിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളുന്ന പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യുന്നതാണ്.

6. ബിവറേജസ് കോർപ്പറേഷൻ / സഹകരണ ഫെഡറേഷന്റെ കീഴിലുള്ള എഫ്.എൽ.1 ഷാപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

7. എഫ്.എൽ.6 (ഏകദിന ലൈസൻസ്) സ്പെഷ്യൽ ലൈസൻസ് ഫീസ് തുക നിലവിലെ 25,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

8. ബാറുകളുടെ പ്രവർത്തന സമയം പഞ്ചായത്തുകളിൽ രാവിലെ 7 മണിമുതൽ രാത്രി 10 മണി വരെയും മുനിസിപ്പൽ / കോർപ്പറേഷൻ പ്രദേശങ്ങളിൽ രാവിലെ 8 മണിമുതൽ രാത്രി 11 മണി വരെയായി നിജപ്പെടുത്തുന്നതാണ്.

9. ഫൈവ് സ്റ്റാർ ഹോട്ടലുകൾ ഉൾപ്പെടെ നിലവിലുള്ള എല്ലാ അബ്കാരി സ്ഥാപനങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (232, 447 വകുപ്പുകൾ പുനഃസ്ഥാപിക്കപ്പെടുമ്പോൾ) അധികാര പരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

10. ഫൈവ് സ്റ്റാർ ഹോട്ടലുകളെ പുതുതായി കൊണ്ടുവന്ന ദൂരപരിധി (ബാർ ടു ബാർ) നിയമത്തിൽ നിന്ന് ഒഴിവാക്കുന്നതാണ്.

11. എഫ്.എൽ. 3 ലൈസൻസ് ലഭിക്കുന്നതിന് പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് 30 മുറികളെങ്കിലും നിർബന്ധമാക്കുന്നതാണ്.

12. നിലവിലുള്ള എഫ്.എൽ. 3 ലൈസൻസ് കൈമാറ്റം ചെയ്യുകയോ, വില്പന നടത്തുകയോ ചെയ്യാതെ, നിലവിലുള്ള ലൈസൻസിയുടെ പേരിൽ മാറ്റം വരുത്തുന്നതിന് പ്രത്യേകം ഫീസ് ഈടാക്കാതെ അനുവാദം നൽകുന്നതാണ്. ഇത് ക്ലബ്ബുകൾക്കും കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കുമായി പരിമിതപ്പെടുത്തുന്നതാണ്.

13. സ്റ്റാർ പദവി ഇല്ലാത്ത ഹോട്ടലുകളുടെ എഫ്.എൽ.-3 ലൈസൻസ് അതാത് താലൂക്കിലോ, ടൗണിലോ 4 സ്റ്റാർ പദവിയുള്ള ഹോട്ടലുകളിലേക്ക് മറ്റു ചട്ടങ്ങൾക്ക് വിധേയമായി നിശ്ചിത ഫീസ് വാങ്ങികൊണ്ട് മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
എ. അജിത് കുമാർ,
ഗവണ്മെന്റ് സെക്രട്ടറി.

To

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
[signature]
സെക്ഷൻ ആഫീസർ.